# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*14/03/2018-ലെ മറുപടി*

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 3261*

## *ജലപാത നിർമ്മാണപുരോഗതി വിലയിരുത്താൻ ചേർന്ന യോഗം*

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മുതൽ കാസർഗോഡ് വരെയുള്ള ജലപാതാ നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്താൻ എത്ര തവണ യോഗം ചേർന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മുതൽ കാസർഗോഡ് വരെയുള്ള ജലപാതാ നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുവാൻ 9 തവണ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | നിർമ്മാണപുരോഗതി വിലയിരുത്താൻ അവസാനമായി യോഗം ചേർന്നതെപ്പോഴാണെന്നും പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തു എന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നും വ്യക്തമാക്കാമോ ; | (ബി) | നിർമ്മാണ പുരോഗതി വിലയിരുത്താൻ 12/02/2018 തീയതിയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവസാനമായി യോഗം ചേർന്നത്. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ജലപാതാ വികസനം മൂന്നു ഘട്ടങ്ങളിലായി സമയബന്ധിതമായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020 -ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ നിലവിലുള്ള അവസ്ഥയിൽ തന്നെ ജലപാതകൾ വൃത്തിയാക്കി ആഴം കൂട്ടി ആവശ്യാനുസരണം പാലങ്ങളും ബോട്ട് ജെട്ടികളും കൃത്രിമ കനാലുകളും നിർമ്മിച്ച് ജലപാത ഗതാഗതയോഗ്യമാക്കുവാനും 2022-ൽ തീരുന്ന 2 -ാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയിലെ അളവിൽ കനാൽ നിർമ്മാണം പൂർത്തിയാക്കുവാനും 2025 -ൽ |

തീരുന്ന മൂന്നാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ലക്ഷ്യമിടുന്നു. ജലപാതയുടെ വിവിധ ഭാഗങ്ങളിൽ ടൂറിസം വില്ലേജുകൾ സ്ഥാപിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ്വേകുവാനും, അപകടകരമായ രാസവസ്തുക്കൾ ഉൾപ്പെടെയുള്ള ചരക്കുകളുടെ നീക്കം പൂർണ്ണമായും ജലപാതകളിലേക്ക് മാറ്റുവാനും അതുവഴി ചിലവു കുറഞ്ഞതും അപകടരഹിതവുമായ ഗതാഗതം സാധ്യമാക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

**(സി)** എത്ര കിലോ മീറ്റർ നീളത്തിലാണ് ജലപാതയെന്നും എത്ര ജില്ലകളെ ബന്ധിപ്പിക്കുമെന്നും എത്ര കോടിയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ ?

**(സി)** 610 കിലോ മീറ്ററാണ് ജലപാതയുടെ ആകെ നീളം. 10 ജില്ലകളെ ജലപാത ബന്ധിപ്പിക്കുന്നു. പ്രാരംഭഘട്ടത്തിൽ ഏകദേശം 2300 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## **യോഗങ്ങളിൽ പങ്കെടുത്തവർ :**

1) ബഹു. മുഖ്യമന്ത്രി
2) ബഹു. ജലവിഭവവകുപ്പ് മന്ത്രി
3) ചീഫ് സെക്രട്ടറി
4) അഡീഷണൽ ചീഫ് സെക്രട്ടറി, (ജലവിഭവ & സി.എസ്.ഐ.എൻ.ഡി.)
5) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ, ഉദയ നഗർ റോഡ്, ഗാന്ധി നഗർ, കൊച്ചി.
6) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
7) അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
8) പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
9) പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10) പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്
11) പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
12) പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
13) സെക്രട്ടറി, തുറമുഖ വകുപ്പ്
14) സെക്രട്ടറി, നിയമ വകുപ്പ്
15) സെക്രട്ടറി, ഗതാഗത വകുപ്പ്
16) ജില്ലാ കളക്ടർ, തിരുവനന്തപുരം
17) ജില്ലാ കളക്ടർ, കൊല്ലം
18) ജില്ലാ കളക്ടർ, ആലപ്പുഴ
19) ജില്ലാ കളക്ടർ, കോട്ടയം.
20) ജില്ലാ കളക്ടർ, എറണാകുളം
21) ജില്ലാ കളക്ടർ, തൃശ്ശൂർ
22) ജില്ലാ കളക്ടർ, മലപ്പുറം
23) ജില്ലാ കളക്ടർ, കോഴിക്കോട് .
24) ജില്ലാ കളക്ടർ, കണ്ണൂർ.
25) ജില്ലാ കളക്ടർ, കാസർഗോഡ്.
26) ഡയറക്ടർ, സർവ്വേ & ലാന്റ് റെക്കോർഡ്സ് ഡയറക്ടറേറ്റ്, വഴുതക്കാട്, തിരുവനന്തപുരം.

27) ഇൻസ്റ്റീസ് ചീഫ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

28) ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി, തിരുവനന്തപുരം.

29) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ), റജി.ഓഫീസ് 34/213, 3-ാം നില, കൊല്ലാറ എസ്റ്റേറ്റ്, എൻ.എച്ച്. റോഡ്, ഇടപ്പിള്ളി, എറണാകുളം - 682 024.

30) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) , തിരുവനന്തപുരം.

31) ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയ്സ് പബ്ലിക്ക് ഓഫീസ്,തിരുവനന്തപുരം.

32) ഡയറക്ടർ, ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യാ, റീജ്യണൽ ഓഫീസ്, എൻ.ഡബ്ലിയു. റോഡ്, എൻ.എച്ച്. 47 ബൈപാസ്, കണ്ണാടിക്കാട്, മരട്, എറണാകുളം - 682 304.

33) ഡയറക്ടർ, ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ്, ആശ്രാമം പി.ഒ., കൊല്ലം

34) മാനേജിംഗ് ഡയറക്ടർ, കെ.എം.എം.എൽ., ചവറ, കൊല്ലം.

35) ഡയറക്ടർ, NATPAC, ശാസ്ത്രഭവൻ, പട്ടംപാലസ്, പട്ടം, തിരുവനന്തപുരം.

36) ചെയർമാൻ & മനേജിംഗ് ഡയറക്ടർ, TCL, നാട്ടകം, കോട്ടയം 686013.

**സെക്ഷൻ ഓഫീസർ**